## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### പോലീസ് അക്കാദമിയിലെ ഡെപ്യൂട്ടേഷൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1986 — 6/2/2019-ൽ മറുപടിക്ക്

ചോദ്യം — ശ്രീ.വി.ഡി.സതീശൻ

മറുപടി — പിണറായി വിജയൻ (മുഖ്യമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | ലോക്കൽ പോലീസിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന പോലീസുകാരെ കാലാവധി കഴിഞ്ഞിട്ടും പോലീസ് അക്കാദമിയിൽ നിന്നും മടക്കി അയക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കേരളാ പോലീസ് അക്കാദമിയിൽ നടന്നു വരുന്ന പരിശീലന പദ്ധതികൾക്ക് ലോക്കൽ പോലീസിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പൊലീസുകാരെ ജോലിയ്ക്കെടുക്കേണ്ട ആവശ്യം ഉണ്ടാവാറുണ്ട് .ഇതിൽ ഭൂരിഭാഗവും വനിതാ പോലീസ് റിക്രൂട്ടുകളുടെ പരിശീലനത്തിനാവശ്യമായ വനിതാ ഇൻസ്ട്രക്ടർമാരാണ്. |
| (ബി) | ജില്ലാ സായുധ സേനയിലെ എസ്.ഐ മാർ അഞ്ച് വർഷം മുതൽ പതിനഞ്ച് വർഷം വരെ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു എന്നതും വേക്കൻസി ഇല്ലാതിരുന്നിട്ടും ആംഡ് പോലീസ് എസ്.ഐ വേക്കൻസിയിൽ ആണ് ഇവരെ നിയമിച്ചിരിക്കുന്നത് എന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇവരെ മടക്കി അയയ്ക്കുമോ എന്നറിയിക്കാമോ; | (ബി) | ട്രെയിനിംഗ് ഡ്യൂട്ടികൾക്കായി .കേരള പോലീസ് അക്കാദമിയിൽ പോലീസ് ആസ്ഥാനത്ത് നിന്നുള്ള ഉത്തരവ് പ്രകാരമാണ് നിയമനങ്ങൾ നടത്തി വരുന്നത്. ഇപ്പോഴുള്ളവരെ മടക്കി അയക്കുന്ന കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |
| (സി) | പത്ത് വർഷത്തിലധികമായി ജോലി നോക്കുന്നവരെ മാറ്റി നിർത്തി അതിനേക്കാൾ കുറഞ്ഞകാലം ജോലി നോക്കിയവരെ ട്രാൻസ്ഫർ | (സി) | കേരള പോലീസ് അക്കാദമിയിൽ നിന്ന് കെ സി.പി ഭരണപരമായ കാരണങ്ങളാൽ ചില പോലീസുദ്യോഗസ്ഥരെ മാതൃയൂണിറ്റിലേക്ക് മടക്കി അയക്കേണ്ടി വരാറുണ്ട്. ആയത് |

| | | | |
|---|---|---|---|
| | ചെയ്തിട്ടുണ്ടോ; | | അവരുടെ അക്കാദമിയിലെ സേവന ദൈർഘ്യം അടിസ്ഥാനത്തിലാകണമെന്നില്ല. |
| (ഡി) | പോലീസ് അക്കാദമിയിൽ പുതിയ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതും ട്രാൻസ്ഫർ ചെയ്യുന്നതും രാഷ്ട്രീയം നോക്കിയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ